## പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) ആന്റ് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ, തിരുവനന്തപുരം - ന്റെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : പി.കെ. കേശവൻ, ഐ.എഫ്.എസ്**

**വിഷയം:** കാട്ടുതീ പ്രതിരോധം - ആറളം, കൊട്ടിയൂർ, ചൂലന്നൂർ, ചിമ്മിനി എന്നീ സംരക്ഷിത പ്രദേശങ്ങൾ താത്ക്കാലികമായി അടച്ചിട്ടുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

**സൂചന:** സി.സി.എഫ് (വൈൽഡ്‌ലൈഫ്), പാലക്കാടിന്റെ 15.03.2018 ലെ പി4-88/18 നം കത്ത്.

**ഉത്തരവ് നം.ഡബ്ള്യു.എൽ4-13741/18 തീയതി: 17.03.2018**

രൂക്ഷമായ വേനൽമൂലം അടിക്കാടുകൾ ഉണങ്ങി വരണ്ടിരിക്കുന്ന സാഹചര്യത്തിൽ ആറളം, കൊട്ടിയൂർ, ചിമ്മിനി എന്നീ വന്യജീവി സങ്കേതങ്ങളിലും, ചൂലന്നൂർ മയിൽ സങ്കേതത്തിലും കാട്ടുതീ പടരുന്നതിന് സാധ്യതുണ്ടെന്ന് സൂചന പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്), പാലക്കാട് അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ മേൽപ്പറഞ്ഞ വന്യജീവി സങ്കേതങ്ങളിൽ **2018 മാർച്ച് 17-ാം തീയതി മുതൽ മേയ് 31** വരെ സന്ദർശകർക്ക് പ്രവേശനം തടയുന്നതിന് അനുവാദം നൽകണമെന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്), പാലക്കാട് ആവശ്യപ്പെട്ടിട്ടുണ്ട്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്), പാലക്കാടിന്റെ അപേക്ഷ പരിഗണിച്ചും കാട്ടുതീ ഉണ്ടാകുന്നതിനുള്ള സാധ്യത ഒഴിവാക്കുന്നതിനും വേണ്ടി ആറളം, കൊട്ടിയൂർ, ചിമ്മിനി എന്നീ വന്യജീവി സങ്കേതങ്ങളിലും, ചൂലന്നൂർ മയിൽ സങ്കേതത്തിലും **2018 മാർച്ച് 17-ാം തീയതി മുതൽ മേയ് 31** വരെ അടച്ചിടുന്നതിന് ഉത്തരവാകുന്നു.

17/03/18

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) &
ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ

പകർപ്പ്: 1. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വന്യജീവി വിഭാഗം), പാലക്കാട്
2. ഡയറക്ടർ, ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
3. അസി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എഫ്.എം.ഐ.എസ്)

SFO website
21/3
Vinod S
DCF (FMIS)

APCCF

D:\Files.Whole\Files\2018.Sh\Section Files\WL4\Proceedings.Mal.doc